# വിയ്യക്കുറിശ്ശി ഫെയ്ത്ത് ഇന്ത്യയ്ക്ക് കിരീടം

**മണ്ണാർക്കാട്** ▸ ജില്ലയിലെ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ കലോത്സവത്തിൽ വിയ്യക്കുറിശ്ശി ഫെയ്ത്ത് ഇന്ത്യ സ്പെഷ്യൽ സ്കൂളിന് കിരീടം. രണ്ടാം സ്ഥാനം മുട്ടിക്കുളങ്ങര ജ്യോതിനിലയവും മൂന്നാംസ്ഥാനം മണ്ണാർക്കാട് സെന്റ് ഡൊമിനിക് സ്പെഷ്യൽ സ്കൂളും കരസ്ഥമാക്കി. വിയ്യക്കുറിശ്ശി ഫെയ്ത്ത് ഇന്ത്യ സ്പെഷ്യൽ സ്കൂളിൽ നടന്ന കലോത്സവം കാഞ്ഞിരപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. ഷംസുദ്ദീൻ ഉദ്ഘാടനംചെയ്തു.

കലാമേളയുടെ ഭദ്രദീപം കലാഭവൻ ശരത് തെളിയിച്ചു. മോഹിനിയാട്ടം, നാടോടിനൃത്തം, സംഘനൃത്തം, ലളിതഗാനം, പെയിന്റിങ്, ഡ്രോയിങ്, ദേശഭക്തിഗാനം എന്നീ ഇനങ്ങളിലായിരുന്നു മത്സരം. നൂറ്റമ്പതോളം മത്സരാർഥികൾ മാറ്റുരച്ചു. സമാപന സമ്മേളനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഒ.പി. ഷെരീഫ് ഉദ്ഘാടനംചെയ്തു. കെ.പി.എസ്. പയ്യനെടം അധ്യക്ഷനായി. സ്കൂൾ പ്രിൻസിപ്പൽ പി. രാജലക്ഷ്മി, ഹുസൈൻ കളത്തിൽ, അച്യുതനുണ്ണി, പി. അച്യുതൻ, ഗിരീഷ് ഗുപ്ത, എം. ജയപ്രകാശ്, അബുറജ, എം.കെ. രജനി, രാമൻകുട്ടി, പി.ആർ.ഒ. രാധാകൃഷ്ണൻ എന്നിവർ സംസാരിച്ചു.



▶ ഭിന്നശേഷിയുള്ള കുട്ടികളുടെ ജില്ലാ കലോത്സവവേദിയിൽനിന്ന്